## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1068.** **12/07/2016-ലെ മറുപടിയ്ക്ക്.**

### ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ്

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ആറ്റിങ്ങൽ മാമം നാളികേര കോംപ്ലക്സ് തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | വെർജിൻകോക്കനട്ട് യൂണിറ്റിന്റെ പ്രവർത്തനം പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, ഫുഡ് സെയ്ഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ (FSSAI)-യും, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെയും അനുമതി ലഭിക്കാത്തതിനാൽ വ്യവസായികാടിസ്ഥാനത്തിൽ ഉത്പാദനം നടത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റിന്റെ പ്രവർത്തനാനുമതി ലഭിക്കുന്നതിനായി ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയിൽ അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി) | പ്രസ്തുത കോംപ്ലക്സിനെ നവീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്നും ഏതിനത്തിലെന്നും വിശദമാക്കാമോ; | (ബി) & (സി) | മാമം യൂണിറ്റിന്റെ പ്രവർത്തനത്തിന് ആർ.കെ.വി.വൈ-യിൽ നിന്നും 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുക ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു, |
| (സി) | ആർ.കെ.വി.വൈ-യിൽ നിന്നും തുക ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ? | | |

| | |
|---|---|
| 1. കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം | : രൂ. 49,18,858/- |
| 2. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് | :രൂ.1,32,00,000/- |
| ആകെ | : രൂ. 1,81,18,858/- |

സെക്ഷൻ ഓഫീസർ